KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

15 YEARS OF CELEBRATING THE MAHATMA

2312/4312 16-05-2021

## സർക്കുലർ നമ്പർ 43 / 2021 (P &H R)

**വിഷയം : ട്രിപ്പിൾ ലോക്ക് ഡൗൺ നിർദ്ദേശങ്ങൾ അനുസരിച്ച് നാലു ജില്ലകളിലെ ശാഖകളുടെ / ഓഫീസുകളുടെ പ്രവർത്തനം പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച്.**

**സൂചന** : 1. G.O.(Rt) No.416/2021/DMD/1 Dated 14/05/2021
2. G.O.(Rt) No.405/2021/DMD/1 Dated 06/05/2021
3. G.O.(Rt) No.404/2021/DMD/1 Dated 06/05/2021
4. G.O.(Rt) No.397/2021/DMD/1 Dated 03/05/2021
5. G.O.(Rt) No.394/2021/DMD/1 Dated 03/05/2021

**മേൽ സൂചനപ്രകാരം 2021 മേയ് 15 ഞായറാഴ്ച അർദ്ധരാത്രി മുതൽ തിരുവനന്തപുരം, എറണാകുളം ,തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ ത്രിതല ലോക്ക്ഡൗൺ നിലവിൽ വരികയാണ്. ഇതനുസരിച്ച് ഈ ജില്ലകളിലെ കെ . എസ്. എഫ്. ഇ ശാഖകൾ / ഓഫീസുകൾ, ഇക്കാലയളവിൽ ചൊവ്വ ,വെള്ളി എന്നീ ദിവസങ്ങളിൽ മാത്രമേ പ്രവർത്തിക്കേണ്ടതുള്ളൂ. പ്രവർത്തന സമയം നേരത്തെ തന്നിട്ടുള്ള നിർദ്ദേശത്തിന് സമാനമായി രാവിലെ 10 മണി മുതൽ ഉച്ചതിരിഞ്ഞ് 2 മണി വരെ തന്നെയാണ്. ഉച്ചയ്ക്ക് 1 മണി വരെ ബിസിനസ്സ് ഇടപാടുകൾ നടത്താം. ശാഖ / ഓഫീസ് നടത്താനാവശ്യമായ ഏറ്റവും കുറഞ്ഞ എണ്ണം ജീവനക്കാരെ വിന്യസിച്ച് വേണം പ്രവർത്തനം നടത്തേണ്ടത്.**

**സംസ്ഥാനത്ത് നേരത്തേ പ്രഖ്യാപിച്ച ലോക്ക് ഡൗൺ 2021 മെയ് 23 വരെ ,മേൽ സൂചനപ്രകാരം നീട്ടിയിട്ടുണ്ട്. അതിനാൽ ത്രിതല ലോക്ക് ഡൗൺ ജില്ലകൾ ഒഴിച്ചുള്ള പ്രദേശങ്ങളിലെ ശാഖകൾ / ഓഫീസുകൾ ഇക്കാലയളവിൽ നിലനിൽക്കുന്ന നിർദ്ദേശപ്രകാരം തിങ്കൾ , ബുധൻ ,വെള്ളി എന്നീ ദിവസങ്ങളിൽ ഏറ്റവും കുറഞ്ഞ എണ്ണം ജീവനക്കാരെ വിന്യസിച്ചു കൊണ്ട് തുറന്ന് പ്രവർത്തിക്കേണ്ടതാണ്. പ്രവർത്തന സമയമടക്കം മറ്റെല്ലാ കാര്യങ്ങളും മുൻ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കേണ്ടതാണ്.**

ത്രിതല ലോക്ക് ഡൗൺ സംബന്ധിച്ച് ജില്ലാ അധികൃതർ പ്രത്യേക നിർദ്ദേശങ്ങൾ തരികയാണെങ്കിൽ അവ പാലിക്കേണ്ടതാണ്.

വി.പി.സുബ്രഹ്മണ്യൻ
മാനേജിംഗ് ഡയറക്ടർ

| | | | |
|---|---|---|---|
| i. | എല്ലാ മേഖല ഓഫീസുകൾക്കും : | iv | എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും |
| ii. | ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും | v | എം.ഡി. യുടെ പി.എ. |
| iii. | എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും | vi | സർക്കുലർ ഫയൽ |